# അന്യഭാഷാഭാഷണം
## വചന വെളിച്ചത്തിൽ



എം.എം.സഖറിയ

# അന്യഭാഷാ ഭാഷണങ്ങൾ വചന വെളിച്ചത്തിൽ

എം.എം.സഖറിയ

## ആമുഖം

പുതിയനിയമ സഭയുടെ ആരംഭദശയിൽ, അസാധാരണവും പ്രകൃത്യാതീതവുമായ ചില അത്ഭുതസിദ്ധികളും പ്രത്യേക വരങ്ങളും സഭയിൽ നൽകപ്പെട്ടിരുന്നു. ആ വക പ്രത്യേക ദാനങ്ങളിലൊന്നും സഭയിലുള്ള എല്ലാ വ്യക്തികൾക്കുമായി തന്നിരുന്നതുമല്ല. പരിശുദ്ധാത്മാവിന്റെ ഇച്ഛപ്രകാരം ഒരുവന്ന് ഒന്നും മറ്റൊരുവന്ന് മറ്റൊന്നുമായിട്ട് വിഭജിച്ചാണ് അവ വിതരണം ചെയ്തത്.

അങ്ങനെയുള്ള അത്ഭുതവരങ്ങളിലൊന്നായിരുന്നു അന്യഭാഷകളിൽ സംസാരിക്കുവാനുള്ള കഴിവ്. വിശ്വസിക്കുന്നവരുടെ ഇടയിൽ നടക്കാൻ പോകുന്ന ഒരടയാളമായിട്ടാണ് അതും നൽകിയത്. ഈ വിധ അന്യഭാഷാ ഭാഷണത്തെപ്പറ്റി ആദ്യമായി പറഞ്ഞത് നമ്മുടെ കർത്താവ് തന്നെയാണ്.

ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കണമെന്ന് ശിഷ്യന്മാരോട് കല്പിച്ചു. വെറും സാധാരണക്കാരും പഠിപ്പില്ലാത്തവരും വിദേശഭാഷകൾ വശമില്ലാത്തവരുമായ ആ ശിഷ്യഗണത്തിന് ബലത്തിനും ധൈര്യത്തിനും ഉറപ്പിനും പ്രസംഗത്തിനും അവിശ്വാസികൾക്ക് അടയാളമായി തീരേണ്ടതിനുമായി അന്ന് അത്ഭുത കഴിവുകൾ നൽകുമെന്ന് അപ്പോൾ തന്നെ കർത്താവ് കല്പിച്ചു. ആ സന്ദർഭവും അപ്പോൾ തന്നെ അങ്ങനെ പറഞ്ഞതിന്റെ ഉദ്ദേശ്യവും സ്പഷ്ടമാണല്ലോ. അവയിൽ രണ്ടാമത്തെ അടയാളമാണ്, അന്യഭാഷാ ഭാഷണം.

ഈ അന്യഭാഷകളെപ്പറ്റിയും അതിന്റെ പ്രയോജനത്തെപ്പറ്റിയും സൂക്ഷ്മമായും വചനാനുസരണമായും പഠിക്കണമെങ്കിൽ, അവിടെ കർത്താവ് ഉപയോഗിച്ച ആദ്യ പദപ്രയോഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പുതുഭാഷകൾ എന്നാണ് കർത്താവ് അവിടെ വിളിച്ചത്. സ്വന്തമല്ലാത്തതും അതുവരെ പരിചയിച്ചിട്ടില്ലാത്തതുമായ വേറെ ഭാഷകൾ എന്നാണർത്ഥം. പുതുഭാഷകളിൽ സംസാരിക്കുമെന്ന് പറഞ്ഞതിന്റെ സാരം, വിവിധ ഭാഷാവരം ലഭിക്കുന്ന ആളുകൾക്ക് ആ ഭാഷകൾ സ്വന്ത ഭാഷപോലെ സംസാരിക്കുവാനുള്ള കഴിവ് ലഭിക്കുമെന്നാണ്.

ദൈവം മനുഷ്യന് ഭാഷകൾ നൽകിയത് സംസാരിക്കുവാനും ഭാഷ ഉപയോഗിച്ച് ആശയവിനിമയം നടത്തുവാനുമാണല്ലോ. തന്റെ ദാസന്മാരിലൂടെ ദൈവശക്തിയും ദൈവപ്രവൃത്തിയും വെളിപ്പെടു

ത്തുവാൻ പല വിധ അടയാളങ്ങളും അത്ഭുതങ്ങളും പഴയനിയമകാലത്തും ദൈവം നൽകിയിട്ടുണ്ട്. എന്നാൽ താൽക്കാലികമായി നൽകിയ ആ വിധ അടയാളങ്ങൾ അപ്രകാരം എല്ലാ കാലത്തും തുടർന്നില്ല. തുടരേണ്ടതുമില്ല. അങ്ങനെ ആദ്യകാലത്തെ ആവശ്യം നിമിത്തം അതിന് വേണ്ടി പ്രത്യേകം നൽകപ്പെട്ട പ്രകൃത്യാതീതമായതും താൽക്കാലികമായതുമായ ഒരത്ഭുത കഴിവായിരുന്നു ഭാഷാവരം.

അത് തിരിയാഭാഷയോ സ്വർഗ്ഗീയഭാഷയോ ആയിരുന്നില്ല. അർത്ഥരഹിതമായ ശബ്ദഘോഷങ്ങളോ അസ്പഷ്ടമായ മിശ്രപദോച്ചാരണമോ അന്യഭാഷാ സംസാരമല്ല. മലയാളിയായ ഒരാൾ ഒരന്യഭാഷയായ ഹിന്ദി സംസാരിക്കുമെന്നോ സംസാരിച്ചുവെന്നോ പറഞ്ഞാൽ, അതിന്റെ അർത്ഥം, ആ ആൾക്ക് ആ ഭാഷമനസ്സിലാക്കുവാനും അന്യോന്യം ആശയവിനിമയം നടത്തുവാനും കഴിവുണ്ടെന്നാണ്. അങ്ങനെയുള്ള കഴിവ് വരമായി നൽകുമെന്നാണ് പുതുഭാഷകളിൽ സംസാരിക്കുമെന്ന് കർത്താവ് പറഞ്ഞതിന്റെ  അർത്ഥം. പുതുഭാഷകളും പഴയഭാഷകളും എല്ലാം ലോകത്തിലുള്ള ഭാഷകളും തെളിവായി തിരിയുന്ന ഭാഷകളുമാണല്ലോ (1 കൊരി. 14:10). ലോകത്തിന് ആ അർത്ഥം തിരിയാത്തതും ഭാഷകളുടെ യോഗ്യതയില്ലാത്തതുമായ സകല മറുഭാഷാ പ്രകടനങ്ങളും ദുരാത്മ വ്യാപാര ഫലങ്ങളാണ്.

അന്യഭാഷകൾ എന്നാൽ എന്താണെന്നും എന്തിന് വേണ്ടിയാണ് നൽകപ്പെട്ടതെന്നും എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടത് എന്നും എന്തല്ലെന്നും എങ്ങനെ ഉപയോഗിച്ചുകൂടെന്നും മറ്റും പരിശുദ്ധാത്മാവ് തന്നേ ബൈബിളിൽ ചൂണ്ടികാണിച്ചിട്ടുണ്ട്.

## A .പെന്തെക്കൊസ്ത് നാളിലെ അന്യഭാഷാ ഭാഷണം

പെന്തെക്കൊസ്ത് നാളിലെ സംഭവ വിവരണത്തിലും 1 കൊരിന്ത്യർ 14-ലെ പ്രസ്താവനകളിലും ആ കാര്യങ്ങൾ ഗ്രഹിപ്പാൻ മതിയായ ന്യായങ്ങൾ ഉണ്ട്. പെന്തെക്കൊസ്ത് നാളിൽ അവിടെ കൂടിവന്ന പുരുഷാരം വിദേശികളും വിവിധ ഭാഷക്കാരും അടങ്ങിയ യെഹൂദരായിരുന്നു. അവിശ്വാസികളായ അവർക്ക് ഒരടയാളമായി തീർന്നിട്ട്, അവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാനും അനേകരെ രക്ഷയിലേക്ക് നടത്തുവാനും വഴി ഒരുക്കുന്ന ഒരു നല്ല നടപടിയായിട്ടാണ് പരിശുദ്ധാത്മാവ് ആ സന്ദർഭം ഉപയോഗപ്പെടുത്തിയത്. ആ ബന്ധത്തിൽ അന്യഭാഷാ ഭാഷണത്തേപ്പറ്റി കുറിക്കൊള്ളേണ്ട പ്രധാനപ്പെട്ട പല കാര്യങ്ങളുണ്ട്. ചുറ്റുമുള്ള പല രാജ്യങ്ങളിലെ ആളുകൾ സംസാരിക്കുന്ന നാട്ടുഭാഷകളിലാണ് അന്ന് അന്യഭാഷാവരം ലഭിച്ച ആ ഗലീലക്കാർ സംസാരിച്ചത്. ഈ ആദ്യ മാതൃക ഒട്ടും അവഗണിക്കേണ്ട

തോ, ഇഷ്ടപ്രകാരം ഭേദഗതി വരുത്തേണ്ടതോ അല്ലല്ലോ. ദൈവത്തിന്റെ വൻ കാര്യങ്ങൾ കേട്ടവർക്ക് തെളിവായി മനസ്സിലാകത്തക്കവണ്ണമാണ് അതത് ഭാഷകൾ ലഭിച്ചവർ അന്ന് സംസാരിച്ചത്. കേട്ടവർ അന്യോന്യം നാം ഓരോരുത്തർ ജനിച്ച നമ്മുടെ സ്വഭാഷകളിൽ അവർ സംസാരിച്ചുവെന്നാണ് പറഞ്ഞത്. ചിലർ പറയുന്നത് പോലെ അവർ ഒരു ഭാഷയിൽ സംസാരിച്ചത് കേട്ടവർക്ക് അവരവരുടെ ഭാഷയിൽ തിരിഞ്ഞെന്നല്ല പറഞ്ഞിരിക്കുന്നത്. പല പല ഭാഷക്കാർക്ക് അടയാളമാകുകയും അത്ഭുതമാകുകയും ചെയ്യത്തക്കവണ്ണം തന്നേ ശിഷ്യഗണത്തിന് പല പല നാട്ടുഭാഷകൾ പരിശുദ്ധാത്മാവ് വരമായി നൽകി. അതാണ് കർത്താവ് പറഞ്ഞ പുതുഭാഷകൾ. അതാണ് പെന്തെക്കൊസ്ത് നാളിൽ നൽകപ്പെട്ട മറുഭാഷകൾ. ഇക്കാലത്ത് പെന്തക്കൊസ്തിന്റെ പിൻതുടർച്ചക്കാരെന്നും പിൻഗാമികളെന്നും പെന്തെക്കൊസ്തുകാരെന്നും മറ്റും വൃഥാവാക്കുകൾ പറയുന്ന കൂട്ടർ പറഞ്ഞ് നടക്കുന്ന അന്ത്യകാല മറുഭാഷാ പ്രകടനങ്ങളും പെന്തെക്കൊസ്ത് നാളിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷമായി നൽകിയ അന്യഭാഷാവരവും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം പോലുമില്ല.

മാത്രമല്ല, പെന്തെക്കൊസ്ത് നാളിൽ ഭാഷാവരം ലഭിച്ചവർ ദൈവത്തോടല്ല മനുഷ്യരോടാണ് സംസാരിച്ചത്. കൊരിന്ത്യ സഭയ്ക്ക് പൊതുവേ പ്രയോജനപ്പെടേണ്ടതിന് മനുഷ്യരോട് സംസാരിക്കേണ്ടതിനുപകരം അവിഹിതമായി അനവസരത്തിൽ ദൈവത്തോട് അന്യഭാഷ സംസാരിച്ചതായി കാണുന്നുണ്ട്. അതല്ലവേണ്ടതെന്നും സ്വന്തഗുണമല്ല നോക്കേണ്ടതെന്നും പൗലൊസ് തുടർന്ന് പറഞ്ഞിട്ടുമുണ്ട്.

പെന്തെക്കൊസ്ത് നാളിൽ കൂടിയിരുന്ന എല്ലാവരും ആത്മനിറവ് പ്രാപിച്ചതായി കാണുന്നുണ്ട്. എന്നാൽ ആർക്കൊക്കെ ആത്മാവ് ഉച്ചരിക്കുവാൻ വരം നൽകിയോ അവർ മാത്രമേ അന്യഭാഷകളിൽ സംസാരിച്ചിട്ടുള്ളതെന്ന് അപ്പൊ. പ്രവൃ. 2-ന്റെ 7 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ കേൾവിക്കാർ പറഞ്ഞ വാക്കുകൾ അതേപടി അംഗീകരിച്ച് ശരിവെക്കുന്ന രീതിയിലാണ് ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ ഗലീലക്കാരായ ശിഷ്യന്മാർ ഒഴിച്ച് യെഹൂദ്യയിലും യെരൂശലേമിലും ബേഥാന്യയിലും മറ്റുമായി അവിടെ ഉണ്ടായിരുന്ന ആത്മനിറവ് പ്രാപിച്ചവർ പലരും അന്ന് അന്യഭാഷ സംസാരിച്ചിരുന്നില്ലെന്നാണ് ന്യായമായി അനുമാനിക്കേണ്ടത്. മാത്രമല്ല, പത്രൊസ് മൗനമായിരുന്ന ശേഷം എഴുന്നേറ്റ് നിന്നുകൊണ്ട് അന്യഭാഷ സംസാരിച്ചവരെ ആക്ഷേപിച്ചവരോട് നിങ്ങൾ ഊഹിക്കുന്നതുപോലെ *ഇവർ*, ഞങ്ങൾ എന്നല്ല ഇവർ, *മദ്യപിച്ചവരല്ല* എന്നാണ് പറഞ്ഞത്. *എന്റെ വാക്ക്*

*ശ്രദ്ധിച്ചുകൊൾവിൻ* എന്നുമാണ് പറഞ്ഞത്. താൻ മദ്യപിച്ചിട്ടുണ്ടെന്ന് അവർ ധരിക്കാതിരിക്കത്തക്കവണ്ണം അവരോടൊപ്പം അന്യഭാഷ സംസാരിക്കാതിരുന്നത് കൊണ്ടല്ലേ, തന്നെ അവരിൽ നിന്ന് ഒറ്റപ്പെടുത്തി മേൽ പറഞ്ഞപ്രകാരം ഇവർ എന്നും എന്റെ വാക്ക് ശ്രദ്ധിക്കുവിൻ എന്നു പറഞ്ഞത്. ആത്മാവിനാൽ നിറയപ്പെട്ട പത്രൊസ് സമയം വന്നപ്പോൾ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ ദീർഘമായ വചനം പ്രസംഗിക്കുകയാണല്ലോ ചെയ്തത്. ഏതായാലും പെന്തെക്കൊസ്ത് നാളിലെ അന്യഭാഷാഭാഷണം ആധുനിക പെന്തെക്കൊസ്തനുയായികൾക്ക് കോടാലി തന്നെയാണ്.

പുതുഭാഷകൾ എന്ന് കർത്താവ് നാമകരണം ചെയ്ത അതേ കാര്യത്തെപ്പറ്റി തന്നെയാണ്, അന്യഭാഷകൾ, പലവിധ ഭാഷകൾ, വിവിധ ഭാഷാവരം, ഭാഷാവരം, ഭാഷകൾ എന്ന് ബൈബിളിൽ പറഞ്ഞിട്ടുള്ളത്. അന്യഭാഷകൾ എന്ന് പറയുന്നത് അന്യരാജ്യങ്ങളിലെയും അന്യന്മാരുടെയും ഭാഷകളായതുകൊണ്ടാണ്. അന്യരാജ്യമെന്നോ, അന്യമതമെന്നോ പറയുന്നത് തന്റേതല്ലാത്ത വേറൊന്നെന്ന അർത്ഥത്തിലാണ്. അതുപോലെ അന്യഭാഷ ലോകത്തിലുള്ള മറ്റൊരു ഭാഷയെന്ന് തന്നെയാണ് വചനം പഠിപ്പിക്കുന്നത് (1 കൊരി. 14:10) അനേക ഭാഷകൾ ഉള്ളതുകൊണ്ട് പലവിധഭാഷകൾ എന്നും ദൈവത്തിന്റെ ദാനമായതുകൊണ്ട് ഭാഷാവരം എന്നും വിളിക്കുന്നു. അത്രമാത്രം.

## B .കൊരിന്ത്യ സഭയിലെ അന്യഭാഷാ ഭാഷണം

അന്യഭാഷകളെപ്പറ്റി പുതിയനിയമത്തിൽ 7 അദ്ധ്യായങ്ങളിൽ പരാമർശനങ്ങൾ ഉണ്ട്. മർക്കൊസ് 16:17; അപ്പൊ. പ്രവൃ. 2:4-11; 10:45; 19:6 എന്നീ വാക്യങ്ങളിലും 1 കൊരിന്ത്യർ 12,13,14 അദ്ധ്യായങ്ങളിലുമാണ് അവ കാണുന്നത്. മുകളിൽ ചിന്തിച്ചത് പോലെ അപ്പൊ. പ്രവൃ. 2-ലെ വിവരണങ്ങൾ കഴിഞ്ഞാൽ അതിനെപ്പറ്റി കൂടുതൽ വിവരണങ്ങൾ ഉള്ളത് 1 കൊരിന്ത്യർ 14-ൽ ആണ്. ഈ വിഷയത്തെക്കുറിച്ച് വളരെ നല്ല പല പാഠങ്ങളും നൽകുന്ന വളരെ പ്രധാനപ്പെട്ട ഒരു വേദഭാഗമാണത്.

1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ ഭാഷാവരം ഉൾപ്പെടെ വരങ്ങൾ എല്ലാം പൊതു പ്രയോജനത്തിനായി നൽകപ്പെട്ടതാണെന്ന് പൗലൊസ് പറഞ്ഞു. ഒരുവന്ന് ഒന്ന്, മറ്റൊരുവന്ന് മറ്റൊന്ന് എന്ന നിലയിൽ പലർക്കായി വിഭജിച്ച് വീതിച്ചാണ് നൽകുന്നതെന്നും വെളിപ്പെടുത്തി (12:8-10). കൊരിന്ത്യ വിശ്വാസികൾ എല്ലാവരും പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണെന്ന് 12:13-ൽ എടുത്ത് പറഞ്ഞു. എന്നാൽ അവർ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ലെന്ന് 30-ാം

വാക്യത്തിൽ വെളിപ്പെടുത്തി. പതിമൂന്നാം അദ്ധ്യായത്തിൽ ആത്മാവിന്റെ വരങ്ങളിലൊന്നായ അന്യഭാഷാ ഭാഷണത്തേക്കാൾ വളരെ പ്രധാനപ്പെട്ടത് ആത്മാവിന്റെ ഫലമായ സ്നേഹമാണെന്ന് ചൂണ്ടിക്കാണിച്ചു. തുടർന്ന് ഭാഷാവരം നിന്നുപോകുമെന്നും, പ്രവചനവരം, ജ്ഞാനവരം ഇവ ഭാവിയിൽ നീക്കപ്പെടുമെന്നും അത് സഭയുടെ ശൈശവകാലത്തേക്ക് നൽകപ്പെട്ടവയാണെന്നും സഭ വളർച്ചയിലാകുമ്പോൾ ആ ശൈശവകാലവരങ്ങൾ മാറ്റപ്പെടുമെന്നും തന്റെ ശൈശവത്തേയും വളർന്ന കാലത്തേയും ദൃഷ്ടാന്തപ്പെടുത്തി സ്ഥാപിച്ചു.

അതിന് ശേഷമാണ് 14-ാം അദ്ധ്യായത്തിലെ വിവരണങ്ങളിലേക്ക് കടന്നത്. ആത്മവരങ്ങളെപ്പറ്റിയും അതിന്റെ ഉപയോഗ വിധങ്ങളെക്കുറിച്ചും കൊരിന്ത്യർ നല്ല അറിവുള്ളവരല്ലെന്ന് ഗ്രഹിച്ചിരുന്നതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് പൗലൊസ് അവിടെ വിഷയം കൈകാര്യം ചെയ്തത്.

കൊരിന്ത്യ സഭയിലുള്ളവർക്കും ദൈവം നൽകിയ ഭാഷാവരം പെന്തെക്കൊസ്ത് നാളിലേതുപോലെ തന്നെ മനുഷ്യർ സംസാരിക്കുന്ന ലോകഭാഷകൾ തന്നെയായിരുന്നു. അതു നാവ് കൊണ്ട് തെളിവായി സംസാരിച്ചാൽ ആ ഭാഷകൾ അറിയാവുന്നവർക്ക് അതു മനസ്സിലാകുമെന്നാണ് 9-ാം വാക്യത്തിന്റെ അർത്ഥം. The words easy to be understood എന്നാണ് ഇംഗ്ലീഷിൽ കാണുന്നത്. കൊരിന്ത്യർക്ക് ലഭിച്ച അന്യഭാഷ വെറും ഹർഷോന്മത്ത പദഘോഷണമായിരുന്നില്ല. ഭാഷ ലഭിച്ചു കൈവശമുള്ളവർക്ക് സ്വയം നിയന്ത്രിച്ചു ഉപയോഗപ്പെടുത്താവുന്നതും വേണ്ടപ്പോൾ ആവശ്യത്തിന് പറയാവുന്നതും വേണ്ടാത്തപ്പോൾ സംസാരിക്കാതിരിക്കുവാൻ കഴിയുന്നതുമായ വിധം സുബോധത്തോടെ ഉപയോഗിക്കേണ്ട വരമാണ് അത് എന്നാണ് 14-ാം അദ്ധ്യായത്തിൽ പൗലൊസ് സ്പഷ്ടമായി ചൂണ്ടികാണിച്ചിട്ടുള്ളത്. എന്നാൽ ആ വരം ലഭിച്ച കൊരിന്ത്യയിലെ അന്യഭാഷക്കാർ, അവിഹിതമായും ക്രമരഹിതമായും അനവസരങ്ങളിൽ ആവശ്യരഹിതമായും അസ്ഥാനത്തും ആ വരം ദുരുപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. അന്യഭാഷാ ഭാഷണത്തിന്റെ ദുരുപയോഗം കൊണ്ട് സഭയ്ക്ക് ഭവിച്ച ആ നാശാവസ്ഥയുടെ അപകടം ഒഴിവാക്കി സഭാകാര്യങ്ങൾ ക്രമത്തിലാക്കേണ്ടതിന് വേണ്ടിയാണ് ആ അദ്ധ്യായത്തിൽ പല ഗുണദോഷങ്ങളും ശാസനാരൂപത്തിലുള്ള നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകിയത്.

പെന്തെക്കൊസ്ത് നാളിലെ പോലെ, ആവശ്യം വരുമ്പോൾ അവിശ്വാസികൾക്ക് അടയാളമാകത്തക്കവണ്ണം ഉപയോഗിക്കേണ്ടതും സഭയിൽ ആകുമ്പോൾ പൊതുവെ വിശ്വാസികൾക്ക് പ്രയോജനപ്പെടത്ത

ക്കവണ്ണം ഉചിതമായും ബുദ്ധിപൂർവ്വമായും ഉപയോഗിക്കേണ്ടതുമായ അന്യഭാഷാ സംസാരം കൊരിന്ത്യർ വേണ്ടത് പോലെയല്ല സഭയിൽ ഉപയോഗിച്ചതെന്നാണ് രണ്ടാം വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. സഭയിൽ മനുഷ്യരോട് സംസാരിക്കേണ്ടതിന് പകരം കൊരിന്ത്യ വി ശ്വാസികൾക്ക് തിരിച്ചറിയാൻ കഴിയാത്ത അന്യഭാഷകളിൽ സംസാരി ക്കുന്നത് കൊണ്ട് സഭയ്ക്ക് ഒരു പ്രയോജനവും ഇല്ലെന്ന് സാരം. അവർക്ക് ദൈവം നൽകിയ പുതുഭാഷകളിൽ ആത്മാവിൽ മർമ്മങ്ങ ളാണവർ സംസാരിച്ചത്. അതുകൊണ്ട് സഭയ്ക്ക് ഒരു പ്രയോജനവും വരുന്നില്ല. താൻ ദൈവത്തോട് സംസാരിച്ചത് കൊണ്ട് തനിക്ക് തന്നെ പ്രയോജനമുണ്ട്. എന്നാൽ അങ്ങനെ പൊതുസഭയിൽ വെച്ച് ചെയ്യുക അല്ല വേണ്ടത് എന്നാണ് പൗലൊസ് അവരെ അനുസ്മരിപ്പിച്ചത്.

ആദ്യം തന്നെ *"വിശേഷാൽ പ്രവചനവരം വാഞ്ഛിപ്പിൻ"* എന്ന് പറഞ്ഞുകൊണ്ട് ഭാഷാവരത്തേക്കാൾ പ്രവചനവരത്തിനുള്ള ശ്രേഷ്ഠത അവതരിപ്പിച്ച ശേഷമാണ് കൊരിന്തിലെ അന്യഭാഷാ ഭാഷണരീതി യിലെ അപാകതകൾ അവരെ ഓർമ്മിപ്പിക്കുന്നത്.

*"ഞാൻ . . . അന്യഭാഷകളിൽ സംസാരിച്ച് കൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്ത് പ്രയോജനം?"* (വാക്യം 6) *" . . . നാദഭേദം കാണിക്കാഞ്ഞാൽ ഊതിയതോ മീട്ടിയതോ എന്തെന്ന് എങ്ങനെ അറിയും?"*. (വാക്യം 7) *"കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ പടയ്ക്ക് ആർ ഒരുങ്ങും?"* (വാക്യം 8). *"അത് പോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാഞ്ഞാൽ സംസാ രിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും?"* (വാക്യം 9). കൊരിന്ത്യ സഭയിൽ ആർക്കും തിരിച്ചറിയാൻ കഴിയാത്ത നിലയിലുള്ള വിദേശ ഭാഷകൾ സംസാരിച്ചവരുടെ ബുദ്ധികേട് പരസ്യമാക്കുന്ന പൗലൊ സിന്റെ നാല് ചോദ്യങ്ങളാണ് മേൽ ഉദ്ധരിച്ചത്. ഒരാവശ്യവും പ്രയോ ജനവുമില്ലാത്ത വിധത്തിലുള്ള കൊരിന്ത്യരുടെ അസ്ഥാനത്തുള്ള അന്യാഭാഷാ ഭാഷണം വളരെ തെറ്റാണെന്നാണ് ഇവിടെ പ്രഖ്യാപിച്ചി രിക്കുന്നത്.

ആധുനിക പെന്തെക്കൊസ്തു പ്രസ്ഥാനക്കാരിലും അനുകരണ ക്കാരിലും മനസ്സിലാക്കാൻ കഴിവും താല്പര്യവും ഉണ്ടെങ്കിൽ അവർ ചിന്തിക്കട്ടെ. *"ഒരുവൻ അറിയുന്നില്ലെങ്കിൽ അവൻ അറിയാതിരിക്കട്ടെ"* എന്നും കൂടെ പൗലോസ് ഈ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ (വാക്യം 38). അന്യഭാഷക്കാർ പൊതുവിൽ സ്തോത്രം ചെയ്യുമ്പോൾ മറ്റുള്ളവർക്ക് അതറിഞ്ഞ് ആമേൻ പറയത്തക്ക നിലയിലേ സ്തോത്രം ചെയ്യാവു എന്നും അപ്പൊസ്തലൻ ഓർമിപ്പിച്ചിട്ടുണ്ട് (വാക്യം 16).

ഇതെല്ലാം വ്യക്തമാക്കുന്ന ഒരു സത്യം കൊരിന്തിൽ ചിലർക്ക് ദൈവം നൽകിയ ഭാഷാവരം വെറും ജാതികളുടെയിടയിൽ നടക്കുന്ന വിധത്തിലുള്ളതും ആധുനിക മറുഭാഷക്കാർ കാട്ടികൂട്ടുന്നതുമായ ഹർഷോന്മത്ത പദജല്പനങ്ങളല്ലായിരുന്നു എന്നാണ്. എന്നാൽ അവർ വേണ്ടതുപോലെ ആ വരം ഉപയോഗിക്കേണ്ടതിന് പകരം വേണ്ടാത്തത് ചെയ്തു. ആ തെറ്റായ നടപടി തുടരാതിരിക്കേണ്ടതിന് വേണ്ട ഉപദേശങ്ങളും ശാസനകളും പ്രകാരാന്തരേണ നൽകുകയും ചെയ്തു. ഭാഷാവരം നിലനിൽക്കുന്ന കാലത്ത് ഉപയോഗിക്കേണ്ട വിധങ്ങളും കൽപ്പിച്ചു. ഉപയോഗക്രമം സംബന്ധിച്ച് അതിപ്രധാനമായ അഞ്ച് നിയന്ത്രണങ്ങൾ സഭയ്ക്ക് നൽകുകയും ചെയ്തു. അവ താഴെ പറയുന്നു.

1. കേൾക്കുന്നവർക്ക് പ്രയാസപ്പെടാതെ മനസ്സിലാക്കത്തക്കവണ്ണം നാവ് ഉപയോഗിച്ച് വാക്കുകൾ ഉച്ചരിക്കേണം (വാക്യം 9).

2. അവർ കൂടിവരുമ്പോൾ അന്യഭാഷകളിൽ സംസാരിക്കണമെങ്കിൽ രണ്ട് പേരോ ഏറിയാൽ മൂന്ന് പേരോ ആകട്ടെ (വാക്യം 27).

3. അവർ പലർ ഒരുമിച്ച് കൂട്ടമായിട്ട് സംസാരിച്ച് കൂടാ. ഓരോരുത്തരായിട്ടാണ് സംസാരിക്കേണ്ടത് . (വാക്യം 27).

4. വ്യാഖ്യാനിയില്ലായെങ്കിൽ അന്യഭാഷാക്കാരൻ സഭയിൽ മൗനം പാലിക്കേണം (സഭയിൽ മിണ്ടാതിരിക്കണം). ശബ്ദിക്കാതെ, മൗനമായി തന്നോടും ദൈവത്തോടും സംസാരിക്കട്ടെ (വാക്യം 28).

5. സഭകളിൽ സ്ത്രീകൾ സംസാരിക്കാതെ മൗനം പാലിക്കേണം (വാക്യം 34).

കൊരിന്ത്യസഭയിൽ സംഭവിച്ച വഴികേടുകളും കൊരിന്ത്യർക്ക് ഭ്രാന്ത് ഉണ്ടെന്ന് പറയുവാൻ അവിശ്വാസികൾക്ക് അവസരം നൽകത്തക്ക വിധത്തിലുള്ള അന്യഭാഷകളുടെ അനവസരത്തിലുള്ള ഉപയോഗങ്ങളും പൂർണ്ണമായി തടഞ്ഞുകൊണ്ട് തെളിവുള്ള ശക്തിയായ ഭാഷയിൽ അവരുടെ അനുചിതമായ അന്യാഭാഷാ ഭാഷണത്തെ നിരോധിക്കുകയാണ് അപ്പൊസ്തലൻ ചെയ്തത്.

കൊരിന്ത്യരുടെ അവിഹിതമായ അന്യാഭാഷാ സംസാരം ദൈവത്തോടായിരുന്നുവെങ്കിലും അത് അനവസരത്തിലും അസ്ഥാനത്തുമുള്ളതാണെന്ന് കാണിക്കുന്ന കൽപനയാണ്, വ്യാഖ്യാനിയില്ലെങ്കിൽ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെയെന്ന നിയന്ത്രണം. ദൈവത്തോടായാൽ പോലും ആർക്കും തിരിയാത്തവിധം സഭയിൽ പരസ്യമായി സംസാരിക്കുവാൻ പാടില്ല.

മേലുദ്ധരിച്ച അഞ്ച് നിയന്ത്രണങ്ങളും പരസ്യമായി ലംഘിച്ച് വചനം ചവിട്ടി തള്ളിക്കൊണ്ടാണ് ആധുനിക മറുഭാഷാ ഭാഷകരുടെ

കൂടിവരവുകളിൽ അന്യഭാഷാ പ്രകടനം പൊടിപൊടിക്കുന്നത്. അതാണോ പരിശുദ്ധാത്മാവിന്റെ വേല? അതാണോ ആത്മവരം? അത് സാത്താന്യമല്ലെങ്കിൽ പിന്നെയെന്താണ്?

1 കൊരിന്ത്യർ 14:2-ലെ *"ആരും തിരിച്ചറിയുന്നില്ലല്ലോ"* എന്ന വാക്കുകളുടെ സാരം മനസ്സിലാക്കുവാൻ കഴിയാത്തതുകൊണ്ട് ലോകത്തിലെ ആർക്കും തിരിച്ചറിയുവാൻ കഴിയാത്ത ഭാഷയാണ് ആ മറുഭാഷയെന്നാണ് ചിലർ ധരിച്ചുവെച്ചിരിക്കുന്നത്. അമിതവും അനിയന്ത്രിതവുമായ ആത്മീയ മാനസിക ആവേശത്തള്ളലിൽ ചിലർ പറയുന്ന ഘർഷോന്മത്ത മിശ്രപദോച്ചാരണങ്ങൾ 1 കൊരിന്ത്യർ 14:2-ൽ കാണുന്നതരം തിരിയാഭാഷയാണെന്ന് പറഞ്ഞാണവർ രക്ഷപ്പെടാൻ ശ്രമിക്കുന്നത്.

*"അറിയാത്ത ഭാഷ*യെന്നും," *"തിരിച്ചറിയാൻ കഴിയാത്ത ഭാഷ*യെന്നും," *"നിനക്ക് തിരിച്ചറിയുവാൻ പ്രയാസമുള്ള വാക്കും നിനക്ക് ഗ്രഹിച്ചുകൂടാത്ത അന്യഭാഷയുള്ളവർ,"* എന്നും *"ഭാഷ നിനക്ക് അറിഞ്ഞുകൂടാത്തതും വാക്ക് നിനക്ക് തിരിയാത്തതുമായോരു ജാതിയെന്നും"* മറ്റും മറ്റും വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. നോക്കുക: ആവ. 28:49; സങ്കീ. 81:5; യെശ. 33:19; യിര. 5:15. ഇതെല്ലാം ചുറ്റുമുള്ള രാജ്യക്കാർക്ക് തിരിയുന്ന ഭാഷകൾ തന്നെയാണല്ലോ.

അന്യഭാഷക്കാർ പറഞ്ഞ വിദേശ ഭാഷകൾ കൊരിന്ത്യർക്ക് തിരിയാതെപോയത് അത് മനുഷ്യ ഭാഷയല്ലാത്തതുകൊണ്ടല്ല. ആ വിദേശ ഭാഷകൾ അറിയാവുന്നവർ കൊരിന്ത്യ സഭയിൽ ഇല്ലാതിരുന്നതുകൊണ്ടാണ്. ഇത് സംബന്ധിച്ച് പെന്തെക്കൊസ്തരുടെ പ്രമുഖ ഉപദേഷ്ടാവായിരുന്ന പാസ്റ്റർ കെ.ഇ. എബ്രഹാം പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: *"ആദിമ നൂറ്റാണ്ടിലും വിശ്വാസികൾ അന്യഭാഷ സംസാരിക്കുന്ന സമയത്ത് ആ ഭാഷ വശമുള്ളവർ ഇല്ലാത്തയിടങ്ങളിൽ തിരിയാതിരുന്നതായിട്ടാണ് കാണുന്നത്"* (പാസ്റ്റർ കെ.ഇ. എബ്രഹാം, *പരിശുദ്ധാത്മ സ്നാനം*, പേജ് 70). *"അതുപോലെ, കൊരിന്ത്യ സഭായോഗത്തിലും തന്നാട്ടുഭാഷക്കാർ മാത്രം കൂടിയിരുന്നതിനാൽ അവിടെയുണ്ടാകുന്ന അന്യഭാഷ ശ്രോതാക്കൾക്ക് തിരിയാതിരുന്നു"* (*പരിശുദ്ധാത്മ സ്നാനം*, പേജ് 80) *"മറുഭാഷ തിരിയുന്നില്ല എന്ന് പൗലൊസ് എഴുതിയതും തിരിഞ്ഞു എന്ന് ലൂക്കൊസ് എഴുതിയതും രണ്ടും ഒന്നുതന്നെയെന്ന് ഇങ്ങനെ വ്യക്തമായിരിക്കുന്നു. അതായത് സംസാരിക്കുന്ന ഭാഷ അറിയാവുന്നവർ ശ്രോതാക്കളിൽ ആരെങ്കിലുമുണ്ടെങ്കിൽ അവർക്ക് തിരിയുകയും അല്ലാത്തവർക്ക് തിരിയാതിരിക്കുകയും ചെയ്യും. പെന്തെക്കൊസ്ത് ദിവസത്തിലും ആദിമ നൂറ്റാണ്ടിലെ മറ്റ് സന്ദർഭങ്ങ*

*ളിലും ഈ വിധത്തിലാണ് മറുഭാഷയുണ്ടായിട്ടുള്ളത്"* (*പരിശുദ്ധാത്മ സ്നാനം*, പേജ് 84). നോക്കുക, കൊരിന്തിലെ ആർക്കും തിരിയാതിരുന്ന അന്യഭാഷ ചില പെന്തെക്കോസ്തർ പറയുന്നതുപോലെ ലോകത്ത് ആർക്കും തിരിയാത്ത തിരിയാ ഭാഷയല്ലെന്ന് പാസ്റ്ററും സമ്മതിച്ചിരിക്കുന്നു. പ്രസ്തുതഭാഷകൾ, വശമുള്ളവർക്ക് തിരിയുന്ന മറ്റ് ഭാഷകൾ തന്നെയായിരുന്നു എന്ന് തൽക്കാലം ചുരുക്കട്ടെ.

## ഉപസംഹാരം

അന്ത്യകാല മറുഭാഷാ ഭാഷണങ്ങളുടെ വേദവൈപരീത്യവും അടിസ്ഥാനരാഹിത്യവും തെളിയിക്കുവാൻ ഇനിയും ഒട്ടുവളരെ ന്യായങ്ങളും സംഭവങ്ങളും വസ്തുതകളും എടുത്തുകാണിക്കുവാനുണ്ട്. അത് മറ്റൊരു അവസരത്തിലേക്ക് മാറ്റുകയാണ്. വചനാനുസരണമായ അന്യഭാഷാ ഭാഷണം എന്തായിരുന്നുവെന്ന് സാമാന്യമായി ഗ്രഹിക്കുവാൻ ഈ ലഘു പഠനം ഉപകരിക്കുമെന്ന് കരുതുന്നു. എതിരഭിപ്രായങ്ങൾക്കും വിവാദങ്ങൾക്കും വിസ്താരമായ മറുപടിയും ചില ഖണ്ഡനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഈ ലേഖകൻ *"ആധുനിക* പെന്തെക്കോസ്ത് *പ്രസ്ഥാനങ്ങളും അന്ത്യകാലമറുഭാഷാ ഭാഷണങ്ങളും"* എന്നപേരിൽ ഒരു പ്രസിദ്ധീകരണം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയുമെന്നാശിക്കുന്നു.

"വചനപ്രകാശിനി IV" ൽ നിന്നും

email: adelphoinews@gmail.com

**പെന്തക്കോസ്ത് സഹോദരന്മാർ മറുപടിപറയേണ്ട ചില ചോദ്യങ്ങൾ എന്ന തലക്കെട്ടിൽ സുവിശേഷകൻ എം.എം.സഖറിയ 4.4.1989 ൽ പ്രസിദ്ധീകരിച്ച 62 ചോദ്യങ്ങളിൽ ചിലത്.**

1. പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടില്ലാത്ത ഒരു വ്യക്തിയെ ക്രിസ്തുവിനുള്ളവൻ എന്ന് പറയാമോ?
2. പരിശുദ്ധത്മ സ്നാനം എന്താണെന്നോ, പരിശുദ്ധാത്മ സ്നാനത്താൽ എന്താണ് സാധിക്കുന്നതെന്നോ വിശദീകരിക്കുന്ന വേദഭാഗങ്ങൾ ഏതെല്ലാം?
3. ആത്മനിറവും ആത്മസ്നാനവും വ്യത്യസ്തങ്ങളായ രണ്ട് കാര്യങ്ങളല്ലേ?
4. ഒരാൾക്ക് ഒന്നിലധികം പ്രാവശ്യം ആത്മസ്നാനം പ്രാപിക്കാൻ കഴിയുമോ?
5. 1 കൊരിന്ത്യർ 12:13 ൽ യഹൂദന്മാരും യവനന്മാരും എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന സ്നാനം പരിശുദ്ധാത്മ സ്നാനം തന്നെയല്ലേ?
6. അങ്ങനെയാണെങ്കിൽ, പരിശുദ്ധാത്മ സ്നാനത്താലാണ് ക്രിസ്തു ശരീരമാകുന്ന സഭ എന്ന ഏകശരീര രൂപവൽക്കരണ പ്രക്രിയ നടന്നതെന്നും അങ്ങനെ ആ സഭയുടെ അംഗങ്ങളായ സകല വിശ്വാസികളും പരിശുദ്ധാത്മ സ്നാനം ഏറ്റവരാണെന്നും സ്പഷ്ടമല്ലേ?
7. അപ്രകാരം തന്നെ പ്രസ്തുത വാക്യത്തിന്റെ അടിസ്ഥാനത്തിൽ, സകല വിശ്വാസികളും ആത്മാവിനെ പാനംചെയ്ത് കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമല്ലേ?
8. കർത്താവിന്റെ ശരീരമായ സഭയുടെ അംഗങ്ങളായ സകല വിശ്വാസികളും ഒരുപോലെ അത്മസ്നാനം പ്രാപിച്ചവരും, ആത്മാവിനെ പ്രാപിച്ചവരുമാണെന്ന് തിരുവെഴുത്ത് സ്പഷ്ടമായി പഠിപ്പിക്കുമ്പോൾ, പുതിയനിയമ വിശ്വാസികളിൽ ചിലർ ആത്മസ്നാനം പ്രാപിക്കാത്തവരാണെന്നും അവർകാത്തിരുന്ന് പരിശുദ്ധാത്മസ്നാനം പ്രാപിക്കണമെന്നും പഠിപ്പിക്കുന്നത് വചനവിരുദ്ധമായ ദുരൂപദേശം അല്ലേ?
9. പുതിയനിയമ വിശ്വാസികൾ എല്ലാവരും പുരോഹിതന്മാർ അല്ലേ?
10. നമ്മുടെ കർത്താവിനാൽ പുരോഹിതന്മാരാക്കി തീർക്കപ്പെട്ടവരിൽ, അഭിഷേകം ചെയ്യപ്പെട്ടവരും, ചെയ്യപ്പെടാത്തവരും എന്ന് രണ്ട് കൂട്ടർ ഉണ്ടോ?
11. അവിടെയും, ഇവിടെയും, എവിടെയും വിളിക്കപ്പെട്ട സകല വിശുദ്ധന്മാരും ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവരാണെന്ന്, 2 കൊരിന്ത്യർ 1:21 ൽ പൗലോസ് പറയുന്നു. ഇത് പരിശുദ്ധാത്മാഭിഷേകത്തിന്റെ കാര്യമല്ലേ?
12. നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു എന്നും. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു എന്നും. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ച് തരികയാലും എന്നും (1 യോഹന്നാ 2:27) യോഹന്നാൻ അപ്പോസ്തലൻ എഴുതിയിരിക്കുന്നത് എല്ലാ വിശ്വാസികളുടേയും കാര്യമല്ലേ?
13. പെന്തക്കോസ്ത് സഭകളിൽ അഭിഷേകം ലഭിക്കാത്തവർ എന്ന് പറയപ്പെടുന്നവർ ആത്മീയ യാഗം കഴിപ്പാൻ യോഗ്യതയുള്ള പുരോഹിത വർഗ്ഗത്തിൽ പെട്ടവരാണോ?
14. ഭാഷാവരം എന്നാൽ എന്ത്?
15. എത്ര ഇനം ഭാഷാവരങ്ങൾ ഉണ്ടെന്ന് പറയാമോ?
16. ഒന്നിലധികം ഇനത്തിൽപെട്ട ഭാഷാവരങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് തമ്മിലുള്ള മൗലീകമായ വ്യത്യാസം എന്താണ്?
17. മർക്കോസ് 16:17 ൽ അവർ പുതുഭാഷകളിൽ സംസാരിക്കും എന്ന് കർത്താവ് പറഞ്ഞിട്ടുള്ളത് ഭാഷാവരം ലഭിച്ച് സംസാരിക്കുന്ന കാര്യമാണോ?
18. പ്രസ്തുത വാക്യത്തിൽ എല്ലാ വിശ്വാസികളും പുതുഭാഷകളിൽ സംസാരിക്കും എന്നോ, എല്ലാവരും പുതുഭാഷകളിൽ സംസാരിക്കേണം എന്നോ കർത്താവ് സൂചിപ്പിച്ചിട്ടുണ്ടോ?

TETELESTAI PUBLICATIONS

19. പെന്തക്കോസ്ത് നാളിൽ അന്യഭാഷ സംസാരിപ്പാൻ വരം ലഭിച്ച ശിഷ്യഗണം സംസാരിച്ച ഭാഷകൾ പുതുഭാഷകൾ ആയിരുന്നോ?

20. പ്രവർത്തികളുടെ പുസ്തകത്തിൽ അന്യഭാഷ സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 3 വേദഭാഗങ്ങളിൽ എവിടെയെങ്കിലും ആർക്കും തിരിച്ചറിയാൻ കഴിയാത്ത ഭാഷകളിൽ ആരെങ്കിലും സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടോ?

21. ആർക്കും തിരിച്ചറിയാൻ കഴിയാത്തഭാഷ എന്നൊരു ഭാഷ ഉണ്ടോ?

22. അന്യഭാഷകൾ എന്നും (യെശയ്യാവ് 28:11) നീ തിരിച്ചറിയാത്ത പ്രയാസമുള്ള വാക്കും നിനക്ക് ഗ്രഹിച്ചുകൂടാത്ത അന്യഭാഷ എന്നും (യെശയ്യാവ് 33:19) ഭാഷ നിനക്ക് അറിഞ്ഞുകൂടാത്തതും വാക്ക് നിനക്ക് തിരിച്ചറിയാത്തതുമായൊരു ജാതി എന്നും (യിരെമ്യാവ് 5:15) അവ്യക്തവാക്കും കനത്ത നാക്കും ഉള്ളവരായി നിനക്ക് വാക്ക് ഗ്രഹിച്ചുകൂടാത്ത അനേക ജാതികൾ എന്നും (യെഹസ്കേൽ 3.6) കാണുന്നതിൽ നിന്ന്, തിരിച്ചറിയാത്ത ഭാഷ എന്നോ, വാക്ക് എന്നോ പറഞ്ഞാൽ അയൽ രാജ്യങ്ങളിലേയോ, അന്യരാജ്യങ്ങളിലേയോ സംസാര ഭാഷ എന്ന് തന്നെയല്ലേ സുബുദ്ധിയുള്ളവർ മനസ്സിലാക്കുന്നത് ?

23. 1 കൊരിന്ത്യർ 14:2 ൽ ആരും തിരിച്ചറിയുന്നില്ലല്ലോ എന്ന് പറയുന്നത്. അന്യഭാഷാഭാഷണത്തിന്റെ സാർവത്രിക സ്വഭാവത്തെക്കുറിച്ചുള്ള വിലയിരുത്തലാണോ?

24. കൊരിന്തുസഭയിൽ, ചിലവ്യക്തികൾ, തങ്ങൾക്ക് വരമായി ലഭിച്ചതും അന്യനാടുകളിൽ ഉപയോഗത്തിൽ ഇരിക്കുന്നതുമായ അന്യഭാഷകൾ, ആ ഭാഷകൾ വശമില്ലാത്ത കൊരിന്തുവിശ്വാസികൾ മാത്രമുള്ള പൊതുകൂടിവരവുകളിൽ, പൊതുസഭയ്ക്ക് ആത്മീകവർദ്ധനക്ക് ഉപകരിക്കാത്ത നിലയിൽ, ദൈവത്തോട് മാത്രമായിട്ട് സംസാരിച്ചതിനെക്കുറിച്ചല്ലേ ആരും തിരിച്ചറിയുന്നില്ലല്ലോ എന്ന് പറഞ്ഞിരിക്കുന്നത് ? കൊരിന്ത്യർ സംസാരിച്ച അന്യനാട്ടിലെ ഭാഷകൾ സംസാരിക്കുന്ന ആളുകൾ അവിടെ ഉണ്ടായിരുന്നെങ്കിൽ അവർ അത് തിരിച്ചറിയുമായിരുന്നില്ലേ?

25. റഷ്യൻ ഭാഷ സംസാരിപ്പാൻ വരം ലഭിച്ച ഒരാൾ നമ്മുടെ നാട്ടിൻപുറത്തുള്ള പെന്തക്കോസ്ത് സഭയിൽ ഉണ്ടെന്ന് കരുതുക. ഒരു സഭായോഗത്തിൽ അയാൾ റഷ്യൻ ഭാഷയിൽ ദൈവത്തോട് പ്രാർത്ഥിച്ചാൽ സാധാരണഗതിയിൽ അത് ആർക്കെങ്കിലും തിരിച്ചറിയാൻ കഴിയുമോ? തിരിച്ചറിയുന്നില്ലെങ്കിൽ റഷ്യൻ ഭാഷ ലോകത്തിൽ ആർക്കും തിരിച്ചറിയാൻ കഴിയാത്ത ഭാഷ ആയതുകൊണ്ടാണോ തിരിച്ചറിയാത്തത് ?

26. ദൈവം തന്റെ സഭയ്ക്ക് കൃപാവരങ്ങൾ നൽകിയതിന്റെ ഉദ്ദേശം എന്താണ് ?

27. ഏതെങ്കിലും കൃപാവരം എല്ലാവർക്കുംവേണ്ടി പൊതുവരമായി നൽകിയിട്ടുണ്ടോ?

28. 1 കൊരിന്ത്യർ 14 ൽ ഭാഷാവരം വിനിയോഗിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും നിയന്ത്രണങ്ങളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ?

29. ഉണ്ടെങ്കിൽ ആ നിർദ്ദേശ നിയന്ത്രണങ്ങൾ എല്ലായിടത്തേയ്ക്കും എല്ലാ കാലത്തേയ്ക്കും ഉള്ളതാണോ? പരിശുദ്ധാത്മാവിനാൽ അപ്പോസ്തലൻ നൽകിയ, ആ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ലംഘിച്ച് അതിന് വിരുദ്ധമായി അന്യഭാഷ സംസാരിപ്പാൻ പരിശുദ്ധാത്മാവ് ആർക്കെങ്കിലും വരം നൽകുമോ?

30. 1 കൊരിന്ത്യർ 14:9 ൽ അന്യഭാഷാ ഭാഷണത്തോടുള്ള ബന്ധത്തിൽ നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കേണം എന്നല്ലേ (utter by the tongue words easy to be understood.) പറയുന്നത് ? അതായത് എളുപ്പത്തിൽ മനസ്സിലാക്കത്തക്കവണ്ണം നാവുകൊണ്ട് വാക്കുകൾ ഉച്ചരിക്കുക.

31. അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച് 1 കൊരിന്ത്യർ 14:9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ആശയത്തിന് വിരുദ്ധമായി, നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാതെ, അർത്ഥരഹിതമായ ശബ്ദോച്ചാരണമല്ലേ, അന്യഭാഷയുടെ പേരിൽ ഇപ്പോൾ പലയിടത്തും നടക്കുന്നത് ?

32. അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ട് പേരൊ ഏറിയാൽ മൂന്ന് പേരോ ആകട്ടെ എന്നുള്ള കർശന നിയന്ത്രിതനിർദ്ദേശം കൊരിന്ത്യർക്കുവേണ്ടി മാത്രമുള്ളതാണോ?

TETELESTAI PUBLICATIONS

33. അവർ ഓരോരുത്തരായി സംസാരിക്കേണം എന്ന് കൽപിച്ചിരിക്കുന്നതുകൊണ്ട്, ഒരു കൂടിവരവിൽ ഒന്നിലധികം പേർഒരുമിച്ചിരുന്ന് ഒരേസമയത്ത് അന്യഭാഷകൾ പറയുന്നത് തികച്ചും തെറ്റല്ലേ. അങ്ങനെ തെറ്റുചെയ്യുന്നതിന്റെ ഉത്തരവാദിത്വം സംസാരിക്കുന്ന ആളിനാണോ?

34. പരിശുദ്ധാത്മാവ് നൽകുന്ന അന്യഭാഷാഭാഷണ പ്രാപ്തി ലഭിക്കുന്ന ഒരാൾക്ക്, തന്റെ ഇഷ്ടപ്രകാരം തക്കസമയങ്ങളിൽ അന്യഭാഷ സംസാരിക്കുകയോ, സംസാരിക്കാതിരിക്കുകയോ ചെയ്യുവാനുള്ള സ്വയം നിയന്ത്രണ ശക്തി നഷ്ടപ്പെടുമോ?

35. സ്വയം നിയന്ത്രണ ശക്തി നഷ്ടപ്പെടാമെങ്കിൽ വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ എന്നുള്ള നിർദ്ദേശം അർത്ഥരഹിതമല്ലേ?

36. ഒരാൾക്ക് പെട്ടന്ന് അന്യഭാഷ കിട്ടിയാൽ, വ്യാഖ്യാനി ഉണ്ടോ എന്ന് അന്വേഷിച്ച് തിട്ടപ്പെടുത്തുന്നതുവരെ പിടിച്ച് നിർത്താൻ കഴിയുമോ?

37. രാജധാനിയുടെ ചുവരിന്മേൽ എഴുതപ്പെട്ട അന്യഭാഷാപദങ്ങൾ ഓരോന്ന് എടുത്തുദ്ധരിച്ച് ദാനിയേൽ അർത്ഥം വിവരിച്ച് കേൾപ്പിക്കുന്നതുപോലെ അന്യഭാഷ വ്യാഖ്യാനിപ്പാൻ വരം ലഭിച്ചവർ ഇന്നുണ്ടോ? ഉണ്ടെങ്കിൽ ആര് ? എവിടെ?

38. 1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന പ്രകാരം മർമ്മങ്ങളും ജ്ഞാനവും ഗ്രഹിക്കുന്ന പ്രവചനവരവും ദാനിയേൽ, പത്രോസ് മുതലായവരെപ്പോലെ രഹസ്യം മനസ്സിലാക്കുന്ന ജ്ഞാനവരവും ഇപ്പോൾ നിങ്ങളുടെ ഇടയിലുണ്ടോ?

39. ശൈശവകാലം കഴിഞ്ഞ സഭ വളർച്ച പ്രാപിക്കയും ദൈവീക വെളിപ്പാടുകളും തിരുവെഴുത്തുകളും പൂർണ്ണമായി നൽകപ്പെടുകയും ചെയ്യുമ്പോൾ താൽക്കാലികമായി നൽകപ്പെട്ട അംശമായ പ്രവചന, ജ്ഞാന, ഭാഷാവരങ്ങൾ നീങ്ങിപ്പോകും എന്നുള്ളത് യാഥാർത്ഥ്യം അല്ലേ 1കൊരിന്ത്യർ 13:8-13 വരെ പ്രസ്താവിച്ചിരിക്കുന്നത് ?

40. വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു എന്നുകാണുന്നു. ഇവയിൽ സ്നേഹം നിത്യതയോളം നിലനിൽക്കുമെന്നും വിശ്വാസവും പ്രത്യാശയും കർത്താവിന്റെ വരവ് വരയേ നിലനിൽക്കുകയുള്ളൂ എന്നും ഭാഷാവരം, പ്രവചനവരം അത്ഭുത ജ്ഞാനവരം ഇവ അതിനു മുമ്പേ തന്നെ നിന്നുപോകുമെന്നുമല്ലേ സാരം?

41. രക്ഷിക്കപ്പെട്ട് വളരെ നാളുകൾ കഴിഞ്ഞിട്ടും അനേകവട്ടം കാത്തിരുന്നശേഷവും ആത്മാവ് പ്രാപിക്കാത്ത വിശ്വാസികളും സുവിശേഷ പ്രവർത്തകരും നിങ്ങളുടെ ഇടയിൽ ഉണ്ടോ?

42. രക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞശേഷവും, വ്യക്തമായ ദൈവകല്പന ലംഘിച്ച് അനുസരണക്കേട് കാണിച്ചും, വിഗ്രഹാരാധന മുതലായ പാപങ്ങളിൽ ഏർപ്പെട്ടും വ്യർത്ഥവും, വചനവിരുദ്ധമായ ദുഷിച്ച ആചാരങ്ങൾ അനുഷ്ഠിച്ചും ജീവിച്ച് പോരുന്നവർ അതുപേക്ഷിക്കാതെ പരിശുദ്ധാത്മാവിനായി കാത്തിരുന്നാൽ അവർക്കും അന്യഭാഷ ലഭിക്കുന്നില്ലേ?

43. രക്ഷിക്കപ്പെടാത്തവർ പറയുന്ന അന്യഭാഷയും നിങ്ങളുടെ ഇടയിലുള്ള അന്യഭാഷയും ഒരേതരത്തിലുള്ളതല്ലേ?

44. കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിച്ച് പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചശേഷം സഭാംഗങ്ങൾ ആരെങ്കിലും എപ്പോഴെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനോ, ആത്മാഭിഷേകം പ്രാപിക്കുവാനോ, പരിശുദ്ധാത്മ സ്നാനം പ്രാപിക്കുവാനോ കാത്തിരിക്കേണം എന്ന് നിർദ്ദേശിക്കുന്ന ഒരൊറ്റ വാക്യമെങ്കിലും വേദപുസ്തകത്തിൽ ഉണ്ടോ?

45. റോമർ 5:5, 8:9, 8:11, 8:15, 8:23, 1 കോരിന്ത്യർ 2:12, 3:16, 6:19, 12:13, 2 കോരിന്ത്യർ 2:11, ഗലാത്യർ 3:2, 2 തിമോഥി 1:7, 1 പത്രോസ് 4:14, 1 യോഹന്നാൻ 3:24, 4:13 മുതലായ വാക്യങ്ങളിൽ സകല വിശ്വാസികളും പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണെന്നും, പരിശുദ്ധത്മാവ് അവരിൽ വസിക്കുന്നു എന്നും തെളിവായി സ്ഥാപിച്ചിട്ടില്ലേ?